7770
6/8/14

**കേരള സർക്കാർ**
**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കേരള സ്ത്രീ പഠന കേന്ദ്രം - Alcoholism - Impact on Women and Children in Kerala - പഠനം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 477/2014/സാനീവ                തീയതി, തിരുവനന്തപുരം , 04.08.2014

---

പരാമർശം : 1) സാമൂഹ്യനീതി ഡയറക്ടറുടെ 10.7.2014 ലെ എഫ്2/26851/14 നംപർ കത്ത്.
2) 21.7.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

മദ്യം കുടുംബങ്ങളിലും സമൂഹത്തിലും ചെലുത്തുന്ന സ്വാധീനം സംബന്ധിച്ച് 'Alcoholism - Impact on Women and Children in Kerala' എന്ന പേരിൽ 3 മാസം കൊണ്ടു പൂർത്തിയാകുന്ന പഠനം നടത്തുന്നതിന് കേരള സ്ത്രീ പഠന കേന്ദ്രം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന് 3,35,000/- രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പരാമർശം (1) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-92 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) 21.7.2014 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് 'മദ്യപാനം കുടുംബങ്ങളിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് നിയമസഭയുടെ ഉത്തരവിൻ പ്രകാരം നടത്തുന്ന പഠനവുമായി സംയോജിപ്പിക്കണമന്ന നിബന്ധനയ്ക്കു വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ നിബന്ധനയ്ക്കു വിധേയമായി, മദ്യം കുടുംബങ്ങളിലും സമൂഹത്തിലും ചെലുത്തുന്ന സ്വാധീനം സംബന്ധിച്ച് 'Alcoholism - Impact on Women and Children in Kerala' എന്ന പേരിൽ പഠനം നടത്തുന്നതിനായി കേരള സ്ത്രീ പഠന കേന്ദ്രം സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിക്കൊണ്ടും ഇതിനാവശ്യമായ 3,35,000/- (മൂന്ന് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-92(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ